(ബി) പുതുതായി ഏതെല്ലാം കോഴ്സുകളാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അപേക്ഷിച്ച എല്ലാ കോഴ്സുകൾക്കും അക്രെഡിറ്റേഷൻ നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) പുതുതായി കോഴ്സുകൾ തുടങ്ങുവാൻ പ്രൊപ്പോസലുകൾ ഒന്നും ലഭിച്ചിട്ടില്ല.

പെരിങ്ങളത്ത് ടെക്നിക്കൽ സ്കൂൾ അനുവദിക്കാൻ നടപടി

390 [2451] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ എത്ര ടെക്നിക്കൽ സ്കൂളുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ പുതുതായി എവിടെയെങ്കിലും ടെക്നിക്കൽ സ്കൂൾ അനുവദിച്ചിട്ടുണ്ടോ;

(സി) പെരിങ്ങളം നിയോജകമണ്ഡലത്തിൽ ഒരു ടെക്നിക്കൽ സ്കൂൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ടെക്നിക്കൽ സ്കൂൾ അനുവദിക്കുവാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് സർക്കാർ നിർദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ടെക്നിക്കൽ സ്കൂളുകൾ ഒന്നും അനുവദിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) പരിഗണനയിലില്ല.

(ഡി) ടെക്നിക്കൽ സ്കൂൾ അനുവദിക്കാൻ 3 ഏക്കറിൽ കുറയാതെ സ്ഥലം ഉണ്ടായിരിക്കണം. 300 കുട്ടികളുള്ള ഒരു ടെക്നിക്കൽ സ്കൂളിൽ വേണ്ടതായ കെട്ടിടത്തിന്റെ വിസ്തീർണ്ണം താഴെ പറയുംപ്രകാരമാണ്. (പ്രതിവർഷം 90 കുട്ടികൾ വീതം)

1.	ഓഫീസ്	..	1200	ചതുരശ്ര അടി
2.	ക്ലാസ്മുറി 6x450 ച. അടി	..	2700	,,
3.	ഡ്രായിംഗ് ഹാൾ 2x750 ച. അടി	..	1500	,,
4.	സയൻസ് ലാബ്	..	2000	,,
5.	മെക്കാനിക്കൽ ലാബ്	..	1500	,,
6.	ലൈബ്രറി റീഡിംഗ് മുറി	..	1500	,,

LIBRARY ARCHIVES Kerala Legislative Assembly

7.	അദ്ധ്യാപകരുടെ മുറി	..	800 ചതുരശ്ര അടി
8.	സ്റ്റോർ	..	12500 ,,
9.	വർക്ക്ഷോപ്പുകൾ	..	12500 ,,

കൂടാതെ 90 കുട്ടികളുള്ള സ്ഥാപനത്തിന്റെ സ്റ്റാഫ് പാറ്റേൺ താഴെപറയും പ്രകാരമാണ്:

1.	സൂപ്രണ്ട്	..	1
2.	ഇൻസ്ട്രക്ടർ	..	1
3.	ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I	..	1
4.	വർക്ക്ഷോപ്പ് ഫോർമാൻ	..	1
5.	ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II	..	1
6.	വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ	..	6
7.	ട്രേഡ് ഇൻസ്ട്രക്ടേഴ്സ്	..	9
8.	ട്രേഡ്സ്മാൻ	..	6
9.	ഇൻസ്ട്രക്ടർ ഇൻ ഹ്യൂമാനിറ്റീസ് ആന്റ് ലാംഗ്വേജസ് (എച്ച്.എസ്.എ. സോഷ്യൽ സയൻസ്)	..	2
10.	ഇൻസ്ട്രക്ടർ ഇൻ സയൻസ് ആന്റ് മാത്തമാറ്റിക്സ്	..	4
11.	മലയാളം ടീച്ചർ (പാർട്ട് ടൈം)	..	1
12.	ഹെഡ് ക്ലാർക്ക്	..	1
13.	യു. ഡി./എൽ. ഡി. ക്ലാർക്ക്	..	3
14.	യു. ഡി./എൽ. ഡി. ടൈപ്പിസ്റ്റ്	..	1
15.	പ്യൂൺ	..	4
16.	വാച്ചർ	..	1
17.	പാർട്ട് ടൈം സ്വീപ്പർ/സാനിട്ടറി വർക്കർ	..	3

കൺസൾട്ടൻസി സേവനം നൽകാൻ കഴിയുന്ന സാങ്കേതിക കോളേജ് അദ്ധ്യാപക കേഡർ രൂപീകരണം

391 [2452] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

,, തേറമ്പിൽ രാമകൃഷ്ണൻ:

,, വർക്കല കഹാർ:

,, എ. പി. അനിൽകുമാർ:

,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly